


# E-ജാലകം

# മുഖമൊഴി

വിദ്യാലയങ്ങളെ സർഗാത്മകമാക്കുന്നതിൽ അതിന്റെ ചലനാത്മകതയും ചട്ടുലാത്മകതയും സജീവതയും വീണ്ടെടുക്കുന്നതിൽ ഓരോ ക്ലബ്ബുകളും വഹിക്കുന്ന പങ്ക ചെറുതല്ല. ലിറ്റിൽ കൈറ്റ് കൂട്ടായ്മയിലൂടെ അനുദിനം പരിഷ്കരിക്കപ്പെടുന്ന വിദ്യാർത്ഥി സമൂഹത്തിനും തങ്ങളുടേതായ ഭാവനാ ലോകത്തിന് പഞ്ഞമില്ല എന്ന് തുറന്നു കാട്ടുന്നുണ്ട് എംബിഎസ് ജി വി എച്ച്എസ്എസ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഈ ജാലകം എന്ന ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ. കുഞ്ഞു ഭാവനകളിൽ വിരിഞ്ഞ കഥകളും കവിതകളും ചിത്രങ്ങളും നൂതനാ സങ്കേതികവിദ്യ ഉപയോഗിച്ച സഹൃദയർക്ക് മുന്നിൽ ഹൃദയപൂർവ്വം സമർപ്പിക്കുന്ന സന്തോഷത്തിലാണ് ഞങ്ങൾ.

ടീം ലിറ്റിൽ കൈറ്റ്സ്




BATMAN
THE
DARK
KNIGHT
Adwaiths

# A LOSS

The white apron
Taught to dream
Struggled around the clock
But...fruits were bitter.
Degrees went in vain.
WHO HAD LOST?
The pure ones at home.
Waiting for a callback
Nurturing ends in pain
Confined to just headlines. DOES THE SELFLESS
SERVICE.
COSTS A LIFE?
But,heaven has gained an
ANGEL.
Let this  never repeat......

- Aadith V Raveendran 9C
MPSGVHSS BELLIKOTH
2023-25 little kites batch


Adwaith.s

# സ്ത്രീ ശക്തി

അവൾ
അവൾ കനലാണ് തൊട്ടാൽ പൊള്ളുന്ന തീപ്പൊരി
ഉലയിൽ ഊതിയാൽ ആളുന്ന അഗ്നി
വിധിയുടെ വീഥിയിൽ വഴിതേടി
ഒഴുകുന്ന ദിശയിൽ എതിതിരായി നീന്തി
കളമൊരുക്കിയ കുരുക്കിൽ ഉലയാതെ പ്രക്ഷുബ്ധമായ ആഴക്കടലിൽ
അടിപതറാതെ കാരിരുമ്പിൻ ദൃഢമായ
മനസുമായി പുത്തൻ അധ്യായങ്ങൾ രചിച്ചവൾ
വിലങ്ങുകൾ പൊട്ടിച്ച ഫീനിക്സ് പക്ഷിപോൽ
പറക്കാൻ വെമ്പി ചിറകുകൾ രാകി മൂർപ്പിച്ച
പക്ഷി ചോരകണ്ട ദിനങ്ങളവൾക്കു വിലങ്ങിട്ടു
അറുത്തു,

നന്ദന അശോക്
10B

# *പിറന്നാൾ സമ്മാനം*

ഗേറ്റിന്റെ കരകര ശബ്ദം കേട്ടാണ് അവൻ കണ്ണ് തുറന്നത്. ഉച്ചയുറക്കത്തെ ശല്യപ്പെടുത്തി ആരാണ് വരുന്നത്. ഗേറ്റിനൽപ്പം എണ്ണയിട്ടിരുന്നെങ്കിൽ ഇങ്ങനെ ശബ്ദം കേൾക്കില്ലായിരുന്നു. ചരലിൽ അമരുന്ന ഹവായ് ചെരുപ്പിന്റെ ഒച്ച ഇങ്ങോട്ട് തന്നെ. ആരാണ് നടന്നുവരുന്നതെന്നറിയാൻ അവൻ തല ഉയർത്തി നോക്കി. ഈശ്വരാ..... അവൻ അവിടെ കണ്ടത് ഒരു പിച്ചയെടുക്കാൻ വന്ന വൃദ്ധയെയാണ്. മെലിഞ്ഞുണങ്ങിയ ശരീരം, ചുക്കി ചുളിഞ്ഞ മുഖവും, കീറിപ്പറിഞ്ഞ വസ്ത്രവും ഒക്കെ ആയിരുന്നു അവരുടെ രൂപം. ആ വൃദ്ധ വന്ന് വാതിലിൽ തട്ടനൊരുങ്ങും മുമ്പ് തന്നെ അവൻ ചെന്ന് വാതിൽ തുറന്നു. അപ്പോയവന്റെ അമ്മ ഓടി വന്ന് അവനെ മാറ്റിയിട്ട് പറഞ്ഞു. "മോനെ, അകത്തേക്ക് കേറി പോ, ഇങ്ങനെയുള്ളവരെ വിശ്വസിക്കാൻ പറ്റില്ല." പക്ഷെ അവൻ അകത്തേക്ക് പോകാൻ തയ്യാറായില്ല. ആ വൃദ്ധയുടെ മുഖം ദയയും വാത്സല്യവും നിറഞ്ഞതായിരുന്നു. അവന്റെ അമ്മ ആ വൃദ്ധയ്ക്ക് അഞ്ചുരൂപ കൊടുത്ത് പറഞ്ഞയക്കാൻ ശ്രമിച്ചു. പക്ഷെ ആ വൃദ്ധ അവിടുന്നനങ്ങിയില്ല. അവരുടെ കണ്ണ് മുഴുവൻ മേശപ്പുറത്ത് വിളമ്പി വച്ച ഭക്ഷണത്തിലേക്കായിരുന്നു. ഇന്നവന്റെ പിറന്നാൾ ആയതിനാലാണ് അവന്റെ അമ്മ ഇത്രേം കറികളുണ്ടാക്കിയത്. അവന്റെ അമ്മ ആ വൃദ്ധയെ ആട്ടി ഇറക്കാൻ ശ്രമിച്ചിട്ടും അവർ പോയില്ല. അപ്പോഴാണ് അവന്റെ കൂട്ടുകാരെല്ലാം അവന് പിറന്നാൾ സമ്മാനവുമായി അവിടേക്ക് എത്തിയത്. അവന്റെ അമ്മ അവരെയെല്ലാം വീട്ടിലേക്ക് ക്ഷണിച്ചു. ആ വൃദ്ധ ഗേറ്റിന്റെ ഒരു മൂലയ്ക്ക് ചെന്ന് നിന്നു. തനിക്കെന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയോടെയാണ് അവർ അവിടെ ചെന്ന് നിന്നത്. അവന്റെ കൂട്ടുകാരെല്ലാം അവന് സമ്മാനം കൊടുത്തു. അവർ കേക്ക് മുറിച്ച് ആഘോഷം തുടങ്ങി. പക്ഷെ അവന്റെ മുഖത്ത് ഒരു സന്തോഷം ഉണ്ടായിരുന്നില്ല. അവന്റെ മനസ്സ് നിറയെ ആ വൃദ്ധയുടെ മുഖമാണ്. അവരെല്ലാം ഭക്ഷണം കഴിക്കാനിരിക്കുന്നതിനിടെ അവൻ പുറത്തേക്ക് ഓടി. അവന്റെ അമ്മ ഉറക്കെ വിളിച്ചു. "മോനെ അപ്പു, എവിടെക്കാ ഓടുന്നെ, ഒന്ന് നിൽക്ക്."പക്ഷെ അപ്പു ഇതൊന്നും ശ്രദ്ധിച്ചില്ല. അവൻ ഗേറ്റിനടുത്ത് പോയി ആ വൃദ്ധയോട് പറഞ്ഞു."മുത്തശ്ശി, വരൂ. ഭക്ഷണം കഴിക്കാം. ആ വൃദ്ധയുടെ മുഖത്ത് പുഞ്ചിരി വിരിഞ്ഞു.അവരുടെ മുഖം സന്തോഷം കൊണ്ട് തിളങ്ങി.ഇതുവരെ ആരും അവരെ 'മുത്തശ്ശി' എന്ന് വിളിച്ചിട്ടില്ല. കണ്ട തെരുവോരങ്ങളിൽ കിടക്കുന്ന അവർക്ക് ആരും ഉണ്ടായിരുന്നില്ല. ആ വൃദ്ധ അവന്റെ കൂടെ പോയി. ഭക്ഷണം കഴിക്കാൻ തുടങ്ങി. ഇത് കണ്ട് അപ്പുവിന്റെ അമ്മ വന്ന് ദേഷ്യത്തോടെ ചോദിച്ചു."അപ്പു, എന്താ നീ ചെയ്യുന്നേ എന്തിനാ ഈ വൃത്തികെട്ട സ്ത്രീക്ക് ഭക്ഷണം കൊടുത്തത്."അപ്പോൾ അപ്പു മറുപടി പറഞ്ഞു."അമ്മേ,ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാത്തവർക്ക് ഭക്ഷണം കൊടുത്തു എന്ന് കരുതി ഒന്നും സംഭവിക്കാൻ പോകുന്നില്ല."അവന്റെ അമ്മ അകത്തേക്ക് കയറി പോയി. അവന്റെ കൂട്ടുകാർ വന്നവനോട് ചോദിച്ചു."എടാ, നിനക്കെന്താ പ്രാന്താണോ?. എന്തിനാ ഈ വൃത്തികെട്ട സ്ത്രീക്കൊക്കെ ഭക്ഷണം കൊടുക്കുന്നത്. ഇവരുടെ ദേഹത്തു മൊത്തം ചെളിയാണ്." അപ്പു മറുപടി പറഞ്ഞു. "എടാ നിനക്കൊന്നും ഭക്ഷണത്തിന്റെ വില അറിയാത്തതു കൊണ്ട ഇങ്ങനെ പറയുന്നത്.ഇവരൊക്കെ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി എത്ര വീടുകൾ കയറി ഇറങ്ങുന്നുണ്ടെന്നറിയോ, ഒരു കാലത്ത് നമ്മൾക്കും ഈ അവസ്ഥ വരില്ലാനാരറിഞ്ഞു." "നീ നിന്റെ ഇഷ്ട്ടം പോലെ ചെയ്യ്". എന്നും പറഞ്ഞു അവന്റെ കൂട്ടുകാർ ഇറങ്ങി പോയി. അപ്പോൾ ആ വൃദ്ധ അപ്പുവിനോട് പറഞ്ഞു."നീ എത്ര നല്ല മനസ്സുള്ളവനാണ് മോനെ. നിനക്ക് നല്ലത് വരും മോനെ." ആ വൃദ്ധ ആർത്തിയോടെ കഴിക്കുന്നത് കണ്ട് അവനറിയാതെ അവന്റെ കണ്ണിൽ നിന്നും കണ്ണീർ

വന്നു പോയി.എന്നിട്ടവൻ വൃദ്ധയോട് പറഞ്ഞു. "മുത്തശ്ശി ഇന്നെന്റെ പിറന്നാളാണ്. അത് കൊണ്ടാണ് അമ്മ ഇത്രേം കറികൾ ഉണ്ടാക്കിയത്". ഇത് കേട്ടപ്പോൾ ആ വൃദ്ധയ്ക്ക് അവനെന്തെങ്കിലും സമ്മാനം നൽകണമെന്ന് തോന്നി. പക്ഷേ അവരുടെ കയ്യിലാണെങ്കിൽ ഒന്നുമില്ല. പിച്ച എടുത്ത് കിട്ടിയ കുറച്ചു പൈസ മാത്രമേ ഉള്ളു. അതിൽ നിന്ന് ഒരു പത്തുരൂപയെടുത്ത് അവന് നീട്ടിയിട്ട് വൃദ്ധ പറഞ്ഞു."മോനെ മുത്തശ്ശിയുടെ കയ്യിൽ ഇതേ ഉള്ളു. മോനിത് വാങ്ങിക്കോ."പക്ഷേ അപ്പു അത് വാങ്ങാൻ തയ്യാറായില്ല."മുത്തശ്ശി അധ്വാനിച്ച് കിട്ടിയ പൈസ അല്ലേ. മുത്തശ്ശി വെച്ചോ."എന്ന് അപ്പു പറഞ്ഞു. ആ വൃദ്ധ പത്തുരൂപ അവന്റെ കയ്യിൽ വച്ചു കൊടുത്തിട്ട് പറഞ്ഞു."മുത്തശ്ശി, മനസ്സറിഞ്ഞു തന്നതല്ലേ.മോനത് എടുത്തോ." പോകാനൊരുങ്ങുന്നതിനു മുൻപ് ആ വൃദ്ധ അവനെ അനുഗ്രഹിച്ചു. ഇതാണ് അവനു ജീവിതത്തിൽ മറക്കാനാകാത്ത അവന്റെ ഏറ്റവും വലിയ പിറന്നാൾ സമ്മാനം.....

Ajanya.p. v<br>8-D



# *സെൽഫി*

ബെല്ലടി മുഴങ്ങി
ബാഗുമെടുത്ത്
ഓട്ടത്തോടോട്ടമോടി
ചിന്നനും കുഞ്ഞനും.....
വീട്ടിലെത്തിയവർ
ബാഗൊരേറ്
സോഫയിലേക്ക്.
കയ്യിലെടുത്തു
ഐഫോൺ
നിന്നു
പലതരത്തിൽ
പല ഭാവത്തിൽ
എടുത്തു
പലതരം
സെൽഫികൾ..
ഷെയർ ചെയ്തു
കൂട്ടിനും ഗ്രൂപ്പിലും.
ഹോംവർക്കെല്ലാം
മറന്നേ പോയി..





സൗപർണിക സുധാരാജ്
8A

# <u>യാത്ര വിവരണം</u>

ഞാൻ എന്റെ ക്രിസ്മസ് അവധികാലത്ത് റാണിപുരത്തേക്ക് ഒരു യാത്ര പോയിരുന്നു. ഞങ്ങൾ അവിടെ എത്തുമ്പോൾഏകദേശം 11 മണി ആയി. അവിടെ എത്തിയപ്പോൾചെറുതായിട്ട് തണുപ്പ് അനുഭവ പെടുന്നുണ്ടായിപിന്നെ ഞങ്ങൾ ടിക്കറ്റ് എടുത്തു മുകളിലേക്ക് നടന്നു കുന്നു കയറുമ്പോൾഞങ്ങൾ പലതരത്തിലുള്ളമരങ്ങൾ കണ്ടു. ആ മരത്തിൽ ഒരു ബോർഡ്തൂക്കിയിട്ടിട്ടുണ്ടായിരുന്നുഅതിൽ ആ മരത്തിന്റെ പേരും എഴുതിയിരുന്നു.കുന്നു പകുതി കയറിയപ്പോൾ തന്നെ മടുത്തിരുന്നു.പിന്നെ അവിടെ മരച്ചുവട്ടിൽകുറച്ച് സമയം വിശ്രമിച്ചു കുറെ കുരങ്ങുകളെ കണ്ടു.കുറച്ചു കൂടെ നടന്നപ്പോൾവെയിൽ വരാൻ തുടങ്ങി.അപ്പോൾ നല്ല തണുത്ത കാറ്റ് വീശുന്നുണ്ടായിരുന്നു. ഏറ്റവും മുകളിൽ എത്താറാവുമ്പോൾ അവിടെ ഒരു കട ഉണ്ടായിരുന്നു. അവിടെ നിന്ന് ഞങ്ങൾ നെല്ലിക്കയും വെള്ളവും ഒക്കെ കുടിച്ചു.ചില മരങ്ങളിൽ ഒക്കെ ആന ചൊറിഞ്ഞ പാടുകൾ കണ്ടു. പിന്നെ ഞങ്ങൾ ഏറ്റവും മുകളിൽ എത്തി.അവിടെ നിന്ന് താഴേക്ക് നോക്കുമ്പോൾ ഉള്ള കാഴ്ച, ആ ഒരു ഭംഗി ഏറെ മനോഹരമായിരുന്നു. ഒരു ചെറിയ ഗ്രാമം ഞങ്ങൾ. കണ്ടു. നല്ല പച്ച വിരിച്ചത് പോലെ ആയിരുന്നു, ആ വലിയ പാറയിൽ ഇരുന്നു കൊണ്ട് ഞാൻ ആ വർണ്ണ ശഭളമായ ഭംഗി ആസ്വദിച്ചു ആ യാത്ര എനിക്ക് എത്ര ആസ്വദിച്ചാലും തീരാത്ത ഒരു യാത്ര ആയിരുന്നു. എന്റെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത യാത്ര.....

Sreya. K
8. D





# ആന

അമ്മൂമ്മ നന്നായി ആനയെ വരയ്ക്കും. ആരുംപ്രതീക്ഷിക്കാത്ത നിമിഷത്തിലാണ് അമ്മുമ്മ ആനയെ വരയ്ക്കാൻ തുടങ്ങുക. ഞാനെന്തെങ്കിലും സ്ലേറ്റിൽ എഴുതിക്കൊണ്ടിരിക്കുമ്പോൾ അമ്മുമാ സ്ലേറ്റ് പിടിച്ചുവാങ്ങും. മുന്നറിയിപ്പൊന്നുമില്ലാതെ. ഞാൻ എഴുതാത്ത ഭാഗം ഏതാണെന്ന് നോക്കും. എന്റെ കയ്യിൽ നിന്നും സ്ലേറ്റ് പെൻസിൽ പിടിച്ചു വാങ്ങും. എന്നിട്ട് ഒറ്റവര. അത് ലക്ഷണമൊത്ത ഒരു കൊമ്പനാനയായിരിക്കും. അതിപ്പോൾ സ്ലേറ്റിൽ നിന്ന് ജീവൻ വെച്ചു കോലായിൽ ഇറങ്ങി മുറ്റത്തെത്തി എന്നെ തുമ്പിക്കയിൽ തുക്കിയെടുത്തു പറമ്പിലേക്ക് നടക്കും. ഞാൻ അങ്ങനെ വിചാരിക്കുമ്പോഴായിരിക്കും സ്ലേറ്റ് എന്റെ കയ്യിൽ തന്ന് ആനയുടെ ചിത്രം മറ്റാരോ വരച്ചതാണെന്ന് മട്ടിൽ അമ്മൂമ്മ അടുക്കളയിലേക്ക് കയറി പോവുക.

സമയം കിട്ടുമ്പോൾ അമ്മ അടുത്തു വന്നിരിക്കും. ഒന്നാം ക്ലാസിലെ പാഠപുസ്തകം നോക്കി ഏതാനും വാക്കുകൾ കേട്ടെഴുത്തായി പറയും . അപ്പോഴേക്കും അടുക്കളയിൽ നിന്ന് എന്തെങ്കിലും കരിഞ്ഞ മണം ഉയരും. " നീയാ അക്ഷരങ്ങൾ എഴുതി പഠിക്ക് " അമ്മ അത്രയും പറഞ്ഞു ഓടിപ്പോയ നേരത്ത് അതാ അമ്മൂമ്മ വടക്കു ഭാഗത്ത് നിന്നു വരുന്നു.വന്നപാടെ സ്ലേറ്റ് പിടിച്ചു വാങ്ങി അവർ വലിയൊരു ആനയെ വരഞ്ഞു.





" ആരാ അമ്മൂമ്മയെ ഈ വരയ്ക്കാൻ പഠിപ്പിച്ചേ ? ഞാൻ ചോദിച്ചു".
"ന്റച്ഛൻ"
എനിക്ക് അച്ഛനില്ലാത്തത് കൊണ്ടാ ഇത് വരയ്ക്കാൻ കഴിയാത്തെ.
" അമ്മൂമ്മ എന്നെ ചേർത്തിരുത്തി വാത്സല്യപൂർവ്വം തലോടി"
" ന്റെ മോനേ ഈ അമ്മൂമ്മ പഠിപ്പിക്കുലെ?
" അമ്മമ്മയുടെ അച്ഛൻ വേറൊരു ചിത്രവും പഠിപ്പിച്ചിട്ടില്ല? "
"ഇണ്ടല്ലോ ;കാക്കേടും മയിലിന്റെയും"
" ന്ന്ട്ട് അതെന്താ വരയ്ക്കാണ്ട്? "
" അതിത് പഠിച്ച് കയ്ഞ്ഞ്ട്ടാ വരക്കാ"

എനിക്ക് സന്തോഷമായി. എന്നിട്ടും അമ്മൂമ്മയുടെ ഉത്തരങ്ങൾ എല്ലാം ഉത്തരങ്ങൾ തീർന്നു എന്ന് എനിക്ക് തോന്നിയില്ല. ഇനിയും എന്തെല്ലാമോ എനിക്കറിയേണ്ടതുണ്ട്. അതൊന്നും അമ്മൂമ്മ പറഞ്ഞു തന്നില്ല. "
" അമ്മൂമ്മന്റെ അച്ഛനോട്ത്തും"
" മരിച്ചുപോയി"
"ന്റെ അച്ഛനെപ്പോലെ തന്നെയാ മരിച്ചത്?"
" മ്ളം"

എന്താണെന്നറിയില്ല, അമ്മൂമ്മ പിന്നെയൊന്നും പറയാൻ നിന്നില്ല. അവർ എന്റെ അരികിൽ നിന്ന് എഴുന്നേറ്റ് അടുക്കളയിലേക്ക് പോയി. അതിനിടയിൽ അവർ വായിലുള്ള മുറുക്കാൻ മുന്നിൽ നിന്നു ചൂണ്ടുവിരൽ കൊണ്ട് തോണ്ടിമുറ്റത്തേക്ക് നീട്ടി തുപ്പി. കിണ്ടിയെടുത്ത് അതിന്റെ വളഞ്ഞ വാൽ വായിലേക്ക് അമർത്തി രണ്ടുമൂന്നു തവണ വെള്ളം കോളി. മുറുക്കാൻ ചണ്ടിയുടെ മേൽ ലക്ഷ്യം തെറ്റാതെ തുപ്പി മുറ്റത്തെ ചരലിൽ ചോര വീണതു പോലെ മുറുക്കാൻ ചണ്ടി തെന്നിത്തെറിച്ചു. അമ്മൂമ്മയുടെ അച്ഛൻ വല്യവൈദ്യനായിരുന്നു. അച്ഛന്റെ ആയുർവേദത്തിലുള്ള താളിയോലകൾക്കെട്ടുകൾ ഒരു ചൂരൽ പൊട്ടിയിലാക്കി അമ്മുമ്മ എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. ആരെങ്കിലും അതെടുത്ത് നശിപ്പിച്ചു കളയും എന്ന് പേടിയിൽ അമ്മൂമ്മ പെട്ടി അടുക്കളയുടെ മുകളിലെ വിറകു മുറിയിലാണ് വെച്ചിരിക്കുന്നത്. വിറകെടുക്കാൻ പോയാൽ ആരും കാണാതെ ആ ചൂരൽ പെട്ടി തുറന്ന് താളിയോലക്കെട്ടുകൾ എടുത്തു പരിശോധിക്കും. പിന്നെയെതു നെറ്റിയിൽ ചേർത്തുവച്ചു ഒട്ടും നേരം ഇരിക്കും.ആ താളിയോലകൾ അമ്മൂമ്മയ്ക്ക് സ്വന്തം അച്ഛനായിരുന്നു.

Abinesh. S
8F






# ആലപ്പുഴയുടെ ഓളങ്ങൾ

കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ ഗ്രാമഭംഗിയിൽ തിളങ്ങിനിൽക്കുന്ന ആലപ്പുഴയിലേക്കാണ് ഞങ്ങൾ ഇത്തവണ വേനൽ അവധിക്ക് യാത്ര പോയത്.

കയർ വ്യവസായത്തിന് പേരുകേട്ട ആലപ്പുഴയിൽ ഹൗസ് ബോട്ടിംഗ് ഒരു നല്ല യാത്രാനുഭവമാണെന്ന് അച്ഛൻ പറഞ്ഞിരുന്നു. അതുമാത്രമല്ല അവിടെ കാണാൻ ഒട്ടനവധി കാഴ്ചകളും ഉണ്ട്. ഞങ്ങൾ പുലർച്ച തന്നെ അങ്ങോട്ട്പുറപ്പെട്ടു.കാറിൽ ആയിരുന്നു ഞങ്ങളുടെ യാത്ര. കാറിന്റെ സൈഡ് സീറ്റിൽ ആണ് ഞാൻ ഇരുന്നത്. കാരണം അവിടെ ഇരുന്നാൽ പുറത്തെ കാഴ്ചകൾ നന്നായി ആസ്വദിക്കാം. ഞങ്ങൾ ആദ്യം എത്തിയത് തണ്ണീർമുക്കം ബണ്ടിലായിരുന്നു.അവിടേക്കാർ പാർക്ക് ചെയ്തു ഒരു ബോട്ടിൽ യാത്രയായി.ഹൗസ് ബോട്ട് പാർക്ക് ചെയ്തത് വേറെയുമിൽ ആയിരുന്നു. അതുകൊണ്ട് ആണ് ഞങ്ങൾ അങ്ങനെ ചെയ്തത്.

എന്തിനും ഏതിനും വള്ളങ്ങളെയും സർക്കാർ ബോട്ടുകളെയും ആശ്രയിക്കുന്ന ഒരു ജനവിഭാഗമാണ് ആലപ്പുഴയിൽ.താറാവ് കൃഷി മത്സ്യകൃഷി കയർ വ്യവസായം ഇതൊക്കെയാണ് അവിടത്തെ ജനങ്ങളുടെ പ്രധാന് തൊഴിൽ.ഞങ്ങൾ തിരഞ്ഞെടു ഹൗസ് ബോട്ട് ഒരു വീടിനെ പോലെ തന്നെ സജ്ജീകരണം ഉള്ളതായിരുന്നു.നെഹ്റു ട്രോഫി വള്ളംകളി നടക്കുന്നത് പുന്നമടക്കായയിലായിരുന്നു. കേരളത്തിലെ ഏറ്റവും വലിയ കായൽ ആയ വേമ്പനാട്ടുകായലിലൂടെ സിനിമാഗാനങ്ങൾ കേട്ട് യാത്ര തുടങ്ങി.വൈകുന്നേരം ആയപ്പോൾ കായലോളങ്ങളിൽ തട്ടി പ്രതിഫലിക്കുന്ന സൂര്യരശ്മികളെ കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു.മീൻ പിടിക്കാൻ വല വീശുന്ന കാഴ്ചകളും കണ്ടു. സുരാത്ത സമയത്തോടെ അന്ധകാരമിങ്ങും വഴിയിൽ നിറഞ്ഞിരുന്നു. ഇതോടെ ഞങ്ങൾ തിരിച്ചു യാത്രയായി.

ആകാശ് പി കെ
9. A




# *അമ്മുവിൻ്റെ നിസ്സഹായത*

ഒരു ചേരി ഗ്രാമത്തിൽ ഒരു ചെറിയ വീട്ടിലായിരുന്നു അമ്മു ജീവിച്ചിരുന്നത്. അമ്മുവിൻ്റെ അച്ഛൻ പാൽ വിൽപനക്കാരന യിരുന്നു. അമ്മുവിൻ്റെ അമ്മയ്ക്ക് കണ്ണ് കാണാൻ പറ്റാത്തതുകൊണ്ട് അമ്മുവിൻ്റെ അച്ഛനായിരുന്നു വീട്ടുകാര്യങ്ങൾ നോക്കിയിരുന്നത്. ഒരു ദിവസം അമ്മുവിൻ്റെ അച്ഛൻ പാൽ വിറ്റ് വരുന്ന വഴിയിൽ കാറ് തട്ടി വീണ് മരിച്ചു ഇത് അമ്മുവിൻ്റെ മനസ്സ് എറെ വേദനയുണ്ടാക്കി ജീവിക്കാൻ വേറെ വഴില്ലാത്തതുകൊണ്ട്. അമ്മു വാൽവില്പന തുടങ്ങി ഒരു ദിവസം പാല് വിറ്റ് വരുമ്പോൾ അമ്മുവിൻ്റെ കൂട്ടുകാർ പാൽക്കാരി എന്ന് പറഞ്ഞ് കളിയാക്കി കുറച്ച് ദിവസങ്ങൾക്ക് ശേഷം അമ്മുവിൻ്റെ വിദ്യാലയം തുറന്നു . അമ്മുവിൻ്റെ കൂട്ടുകാരെല്ലാം പുത്തൻ ഉടുപ്പും പുത്തൻ ബാഗുമായി സ്കൂളിലേക്ക് പോയി അമ്മു മാത്രം പോയില്ല അമ്മുവിന് പുത്തൻ ഉടുപ്പോ ബഗോ ഒന്നുമില്ല അവൾ തേങ്ങി തേങ്ങി കരഞ്ഞു അമ്മുവിൻ്റെ അമ്മ മെല്ലെ തലോടി കൊണ്ട് പറഞ്ഞു. ഇതെല്ലാം ോമോളുടെ അച്ഛൻ കാണുന്നുണ്ടാവും മോള് സങ്കടപ്പെടേണ്ട നമ്മളെ ഒരിക്കലും ദൈവം കൈവിടിയില്ല കുറച്ച് ദിവസങ്ങൾക്ക ശേഷം അമ്മുവിനെതിരക്കി അമ്മുവിൻ്റെ വിദ്യാലയത്തിലെ ആധ്യാ പികയായ രതി ടീച്ചർ അമ്മുവിൻ്റെ വീട്ടിലേക്ക് വന്നു ടീച്ചർ ചോദിച്ചു. അമ്മു എന്താ സ്കൂളിലേക്ക് വരാത്തത്. അമ്മുവിൻ്റെ അമ്മ കരഞ്ഞു കൊണ്ട് കാര്യങ്ങൾ പറഞ്ഞു. അത് കേട്ട ടീച്ചർക്കും സങ്കടമായി ടീച്ചർ അമ്മുവിനെയും കൂട്ടി അമ്മുവിന് വേണ്ട പഠനസാമാഗ്രഹികൾ വാങ്ങി കൊടുത്തു അമ്മു കരഞ്ഞു കൊണ്ട് ടീച്ചറിനോട് നന്ദി പറഞ്ഞു. പിന്നിട്ട് അമ്മു സ്കൂളിലേക്ക് പോയി. അമ്മുവിനെ എല്ലാവരും ഒറിപ്പെടുത്തി. അമ്മു പാൽക്കാരിയാണ് എന്നു പറഞ്ഞ് കളിയാക്കി. അമ്മു അത് ഒന്നും കേൾക്കാതെ ക്ലാസ് ശ്രദ്ധിച്ചു. അവൾ സ്കൂൾ വിട്ട് വന്ന് അന്ന് നടന്ന സംഭവങ്ങളല്ലാം അമ്മയോട് പറയുകയും അത് പുസ്തകത്തിൽ എഴുതുകയും ചെയ്യും അവളുടെ അമ്മ ഇതെല്ലാം കേട്ട് സങ്കടപ്പെടും കുറച്ച് വർഷങ്ങൾക്ക് ശേഷം അവൾ സ്കൂളിലെ മികച്ച കുട്ടിയായി മാറി എല്ലാ ടീച്ചർക്കും അമ്മുവിനെ ഒരുപാട് ഇഷ്ടമാണ് അമ്മു പഠിച്ച് ഒരു ജോലി കിട്ടി ഡോക്ടറയിട്ടാണ് ജോലി കിട്ടിയത് അവളുടെ കൂട്ടുകാർക്ക് പകുതി പേർക്ക് മാത്രമേ ജോലി കിട്ടിയുള്ളു അവളെ പാല്ക്കാരി എന്ന് പറഞ്ഞ് കളിയാക്കിയവർ ഇപ്പോൾ വിചാരിക്കുന്നു അങ്ങനെ കളിയാക്കണ്ടായിരുന്നു എന്ന് അമ്മു ഈനിലയിൽ എത്തിയത് രതി ടീച്ചർക്കാരണമാണ് അവൾ മതി ടീച്ചരുടെ വീട്ടിലേക്ക് നിറെയ മധുര പലഹാരങ്ങളുമായി ചെന്നു രതി ടീച്ചറെ അമ്മു മറോട് ചേർത്തു. അമ്മു അവളുടെ അമ്മേയും കൂട്ടി പുതിയ വീട്ടിലേക്ക് താമസം മാറി അവർ സന്തോഷത്തോടെ സമാധാനത്തോടെയും ജീവിച്ചു.

ആര്യശ്രീ- ക്ലാസ്<br>6A


dare to dream

മഞ്ഞ് പൊഴിയുന്ന പ്രഭാതം ആ പ്രഭാതത്തിൽ ഞാനൊന്നുണർന്നു.ഞാൻ നടന്നു വന്നു - എൻമുറ്റത്ത്. എൻ മുറ്റമാകെ മഞ്ഞു- തുള്ളിയാൽ പൊതിഞ്ഞ ശയ്യ. വീണ്ടും പൊഴിയുന്നു - മഞ്ഞുതുള്ളി. ആ കാഴ്ച്ച കണ്ട് ഞാന് ഒന്ന് ഉല്ലാസിച്ചു ഈ തണുപ്പുള്ള - പ്രഭാതത്തിൽ ഒരു - തുള്ളി ജലം എൻ മേനിയിൽ തളിച്ചു.ആ ജലത്തിൽ - തണുപ്പിൽ എൻ മനം കുളിർത്തു.എൻ മുറ്റത്തെ ഒരോ - പൂവിലും - പൊഴിഞ്ഞിരിക്കുന്നിതാമഞ്ഞുതുള്


REDMI NOTE 6 PRO
MI DUAL CAMERA

# വീട്

*********************************************************

കൊറോണ എന്നൊരു

വീരൻവന്നു

ലോകം വിടാം

കൂട്ടിലൊതുങ്ങി

വീട് തന്നെ ലോകം

വീട് തന്നെ ലോകം

കളിചിരികൾ കുസൃതികൾ

എല്ലാം തന്നെ ലോകം

കാക്കയും പ്രാവും

പൂച്ചയും നായും

എത്തിടുന്ന ഒരു വീട്

സാറ്റ് ഷട്ടിൽ

ഫുട്ബോൾ ക്രിക്കറ്റ്

കൂടിയുള്ള ഒരു വീട്

കൂടാം വീട് തന്നെ ലോകം

കൂടാം വീട് തന്നെ ലോകം

# പുഴുങ്ങിയ പഴം

മഴ പെയ്യും നേരത്തു പുഴയുടെ

അരികിലിരുന്ന പഴം പുഴുങ്ങുന്ന

കൂട്ടുകാരാ .............

പുഴുങ്ങിയ പഴം പുഴുങ്ങിക്കഴിഞ്ഞാൽ

വിഴുങ്ങാൻ വിളിക്കണം നീ .........

മഴ പെയ്യും നേരത്തു പുഴയുടെ  തീരത്തിരുന്ന

“പഴംപൊരി ,പഴംപൊരി   ചൂടുള്ള ഉള്ളിവടകൾ "എന്ന നിന്റെ


മന്ത്ര നാദങ്ങൾ എന്റെ ചെവിയിൽ

പഴം പുഴുങ്ങുമ്പോൾ മുഴങ്ങും

“പഴംപൊരി ,പഴംപൊരി   ചൂടുള്ള ഉള്ളിവടകൾ "



parvathy ramachandran
9 d


REDMI NOTE 6 PRO
MI DUAL CAMERA



## ലയം



ആകാശം മോഹിക്കുന്നത്
കടലാഴങ്ങളെ ചിറകിലൊതുക്കുന്ന
മഴമേഘങ്ങളെയായിരിക്കും

കടലാഴം മോഹിക്കുന്നത്
സമതലങ്ങൾ കെട്ടിപ്പുണർന്നൊഴുകുന്ന
പുഴപ്പെണ്ണിനെയായിരിക്കും

പുഴ മോഹിക്കുന്നത്
മുളങ്കാടുകൾ ചുറ്റി
മൂളിപ്പറന്നെത്തുന്ന
കുസൃതിക്കാറ്റിനെയായിരിക്കും

കാറ്റ് മോഹിക്കുന്നത്
വിടർന്ന മൊട്ടിൻ
ഗന്ധമായി ദേശം
ചുറ്റുവാനായിരിക്കും

മഴ മോഹിക്കുന്നത്
വേരാഴ്ന്ന മണ്ണിലെ
മരതകക്കാടുകളിൽ
നൃത്തം ചെയ്യുവാനായിരിക്കും

പൂക്കൾ മോഹിക്കുന്നത്
ഒരായിരം വസന്തങ്ങളുടെ
ഋതു ഭാവങ്ങളെ
സ്വപ്നം കാണുവാനായിരിക്കും

മഞ്ഞ് മോഹിക്കുന്നത്
ഇളം വെയിലിൽ മയങ്ങുന്ന
പുൽനാമ്പുകളിൽ
കിരീടമാകാനായിരിക്കും

-സുലൈമാൻ

<u>സാന്ദ്ര സൗഹൃദം ആസ്വാദനക്കുറിപ്പ്</u>

രാമപുരത്ത് വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിലെ സാന്ദ്രസൗഹൃദം എന്ന ഭാഗമാണിത്. രാജാവായ കൃഷ്ണനും ദരിദ്രനായ കുചേലനും വലുതായപ്പോൾ കണ്ടുമുട്ടിയ സന്ദർഭമാണ് ഈ കവിതയിൽ. ശ്രീകൃഷ്ണന്റെയും കുചേലയും കുട്ടിക്കാലത്തെ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങൾ കുചേലനെ ഓർമ്മപ്പെടുത്തുന്നു. അനേകം പ്രയോഗങ്ങളും ശബ്ദ ഭംഗികളും ഉള്ള കവിതയാണിത്. സൗഹൃദത്തിന്റെ ആഴം കൂടുന്തോറും സ്നേഹവും കൂടുന്നു എന്ന് മനസ്സിലാക്കി തരുന്ന ഒരു കവിതയാണിത്. ഏത് പ്രായക്കാർക്കും എളുപ്പത്തിൽ മനസ്സിലാക്കാനും ചൊല്ലി അവതരിപ്പിക്കുന്നതിനും കഴിയുന്ന ഒരു കവിതയാണിത്.

ശ്രീരാഗ് 8.B



# The Cherry Tree

The story of The Cherry Tree by Ruskin Bond revolves around the concepts of duty, responsibility, perseverance and pride. It has narration in the third person. Before going into it let's have a look about the author Ruskin Bond .

Ruskin Bond is an Indian author of British descent. He is considered to be an icon among Indian writers and children's authors and a top novelist. His notable works include *The Room on the Roof , Our Trees Still Grow in Dehra , The Blue Umbrella* . He is one of the most loved authors of India.

Rakesh , the protagonist , who was returning from his school to home bought cherries from the Mussoorie bazaar . He asked his grandfather that whether the cherry seeds lucky . Grandfather said that if you want the luck, you must put it to some use. So he decided to plant the cherry seeds . He went to the corner of the garden where the earth was soft and yielding and he pressed the seed into the soil. After some days, he just forgot all about the cherry seeds . When it was winter in the hills, grandfather and Rakesh sat over a charcoal fire and grandfather told stories in the evening .But they didn't even remember about the cherry seeds that Rakesh planted.

Winter passed away and the spring has sprung. One day when Rakesh bent to pick up a small twig he found to his surprise that it was well rooted. He stared at it and found that it was the cherry seed he planted . He ran to his grandfather and said him that the cherry tree has came up. But grandfather has forgotten all about it. Grandfather peered down at the tiny tree and observe it . Then he said to water it. Rakesh watered it and kept pebbles around it for privacy. Rakesh's interest was stoked. Every morning he observed the plant's growth but was left disappointed with its slow rate.

The monsoon rains came early . When the plant was 2 feet high, a goat entered the garden and ate all the leaves. Seeing this Rakesh was very disappointed but grandfather consoled him . After some days , a woman cutting grass cut the cherry tree into two. When grandfather saw what happened, he went after the woman and scolded her but the damage could not be repaired. But the cherry tree had no intention of dying. By the time the summer came round again, it had sent several new shoots and tender green leaves. That monsoon, Rakesh went home to his village to help his father and mother in farming. By the end of the monsoon, he was back with his grandfather. He had grown up and so had his cherry tree. It had grown up to his chest. Rakesh was getting more attached to his tree and watered it every day. Once Rakesh witnessed an insect on the tree but he doesn't try and


REDMI NOTE 6 PRO
MI DUAL CAMERA

# അമ്മ

"അമ്മേ എൻറെ ക്ലാസിലെ എല്ലാ കുട്ടികൾക്കും നല്ല ഷൂവും ഉടുപ്പുകളും ഉണ്ട്. എനിക്കും ഒരു ഷൂ വാങ്ങിത്താ അമ്മേ.എത്ര നാളായി ഞാൻ പറയുന്നു".ഉണ്ണിക്കുട്ടൻ അമ്മയുടെ സാരി തുമ്പ് പിടിച്ച് ചിണുങ്ങി.അവൻ വീണ്ടും എന്തൊക്കെയോ പറഞ്ഞ് ചിണുങ്ങിയെങ്കിലും അവർ അത് കേട്ടതായി ഭാവിച്ചില്ല.അവർ വേഗം അവനോട് ഒരുങ്ങി സ്കൂളിലേക്ക് പോകാൻ പറഞ്ഞ് അടുക്കളയിലെ ജോലിയിൽ മുഴുകി. "അമ്മേ ഞാൻ പോകുന്നു".ഷൂസിന്റെ കാര്യം ഒന്നുകൂടി ഓർമ്മിപ്പിച്ച് അവൻ വേഗം ഇറങ്ങി. സ്കൂളിലേക്ക് പോകുന്ന മകനെ നോക്കി ആ അമ്മ നെടുവീർപ്പെട്ടു. "പാവം എൻറെ കുട്ടി.ആകെയുള്ള ഒരു യൂണിഫോം അലക്കി ഉണക്കി അത് ഇട്ടിട്ടാണ് അവൻ പോകുന്നത്.പലപ്പോഴും ഒന്നും അവൻ തന്നോട് ആവശ്യപ്പെടാറില്ല.മറ്റ കുട്ടികളെ പോലെയാകാൻ അവനും ഉണ്ടാകില്ലേ ആഗ്രഹം".അവരുടെ കണ്ണുകൾ നനഞ്ഞു.സാരി തലപ്പുകൊണ്ട് കണ്ണീര് തുടച്ച് അവർ വേഗം കുളിച്ചൊരുങ്ങി. സാധാരണയായി അവർ രണ്ടോ,കൂടിപ്പോയാൽ മൂന്നോ വീടുകളിൽ ആണ് പണിക്ക് പോകാറുള്ളത്. അല്ലറ ചില്ലറ അസുഖങ്ങൾ അലട്ടുന്നതിനാൽ മറ്റ വീടുകളിൽ വിളിച്ചിട്ടും അവർക്ക് പോകാൻ പറ്റമായിരുന്നില്ല. "ഇന്ന് ഏറ്റവും കുറഞ്ഞത് അഞ്ചോ ആറോ വീടുകളിൽ എങ്കിലും പണിക്കു പോയി അവനുള്ള ഷൂസിന്റെ പണം കണ്ടെത്തണം. അമ്മ മനസ്സിൽ തീരുമാനിച്ചുറപ്പിച്ചു.വൈകുന്നേകഴിഞ്ഞ് വീട്ടിലെത്തുമ്പോഴേക്കും നേരം ഏറെ വൈകിയിരുന്നു.അവൻ വീട്ടിലേക്ക് കയറിയപ്പോൾ മേശപ്പുറത്ത് അവന് വേണ്ടിയുള്ള ഭക്ഷണം വച്ചിട്ടുണ്ടായിരുന്നു." ഈ അമ്മ ഇത് എവിടെ പോയി?" അവൻ വീട്ടിൽ അമ്മയെ പരതി.അപ്പോൾ അമ്മ കട്ടിലിൽ ക്ഷീണിച്ചു കിടക്കുന്നത് അവൻ കണ്ടു. അമ്മയെ തൊട്ടു നോക്കിയപ്പോൾ അമ്മയ്ക്ക് നല്ല പനിയുണ്ടെന്ന് അവന് മനസ്സിലായി. "അമ്മേ അമ്മയ്ക്ക് പനിയുണ്ടല്ലോ". അവൻ ചോദിച്ചു. "എനിക്ക് പ്രശ്നമൊന്നുമില്ല മോനെ" അമ്മ പറഞ്ഞു. "നീ വേഗം കുളിച്ചിട്ട് വാ മോനെ. ഞാൻ നിനക്കൊരു കൂട്ടം കൊണ്ടുവന്നിട്ടുണ്ട്." അവൻ ആകാംക്ഷ കാരണം കുളിക്കാൻ ഒന്നും നിൽക്കാതെ വേഗം എന്താണ് അത് എന്നു നോക്കി.അത് അവൻ രാവിലെ പറഞ്ഞ ഷൂസുകൾ ആയിരുന്നു.അത് കണ്ടപ്പോഴും അവന് വളരെയധികം സന്തോഷമായി. അവൻ ഷൂസ് ഒന്ന് ഇട്ട് നോക്കി.അവൻ വേഗം അമ്മയുടെ അടുത്തേക്ക് തിരികെ ഓടി.അപ്പോൾ അമ്മയുടെ മുറിയിൽ നിന്ന് ഒരു സംസാരം അവൻ കേട്ടു.അവൻ കാതോർത്തു.അപ്പുറത്തെ വീട്ടിലെ ചേച്ചിയായിരുന്നു അത്.അമ്മയുടെ പനിയെ കുറിച്ചാണ് അവർ സംസാരിക്കുന്നത് എന്ന് അവന് മനസ്സിലായി.അമ്മയുടെ കയ്യിൽ പണമില്ലാത്തതുകൊണ്ടാണ് ആശുപത്രിയിൽ പോകാത്തത് എന്നും അവന് മനസ്സിലായി.പിന്നീട് അവൻ ഒന്നും ആലോചിക്കാൻ നിന്നില്ല.വേഗം ഷൂസും എടുത്ത് അവൻ പുറത്തേക്കോടി.ആ ഷൂസ് രാമുവേട്ടന്റെ കടയിൽ കൊടുത്ത് അവൻ ഷൂസിന്റെ പൈസ തിരികെ വാങ്ങി. എന്നിട്ട് വേഗം തന്നെ വീട്ടിലേക്ക് ഓടി.അമ്മയുടെ മുറിയിലേക്ക് പോയി.അപ്പോഴേക്കും അപ്പുറത്തെ വീട്ടിലെ ചേച്ചി തിരികെ പോയിരുന്നു. "അമ്മേ വേഗം വരൂ, നമുക്ക് ആശുപത്രിയിലേക്ക് പോകാം."അവൻ പറഞ്ഞു. "മോനേ നിനക്ക് എവിടെ നിന്നാണ് ഈ പണം കിട്ടിയത്?"അമ്മ ചോദിച്ചു. "അമ്മേ ഞാനാ ഷൂസ് തിരികെ കൊടുത്ത് അതിൻറെ പണം തിരികെ വാങ്ങി." "അയ്യോ അതെന്തിനാ മോനെ ഈ പനിയൊക്കെ വേഗം മാറിക്കോളും.നീയത് അത്രയേറെ ആഗ്രഹിച്ചതല്ലേ?" "അതൊന്നും സാരമില്ല അമ്മേ,നമുക്ക് വേഗം ആശുപത്രിയിലേക്ക് പോകാം."അവർ വേഗം തന്നെ ആശുപത്രിയിലേക്ക് പോയി.അമ്മയെയും കൊണ്ട് ആശുപത്രിയിലേക്ക് പോകുമ്പോൾ അവന്റെ മനസ്സ് മുഴുവൻ അമ്മയോടുള്ള സ്നേഹമായിരുന്നു.

വിഷ്ണുദേവ്
7C

# ഭൂമിയിലെ സ്വർഗ്ഗം

ആ പഴയ തറവാട്ടിൽ ഒരാൾ മാത്രം അവശേഷിച്ചു എത്ര കുട്ടികൾ ഓടിക്കളിച്ചു വളർന്ന തറവാടാ ഇത് ആ അമ്മ ചിന്തിച്ചു . ഇപ്പോൾ നാട്ടുകാരാണ് അമ്മക്ക് കൂട്ട് . ദിവസവും രാവിലെ അമ്മിണ്ണി വല്യമ്മേ എന്ന് വിളിച്ച് അപ്പുണിം അമ്മയും വരും ചോറും കറിയും ആക്കി അമ്മ പോവും.അപ്പുണ്ണി കഥ കേൾക്കാൻ നിൽക്കും സന്ധ്യക്ക് അച്ഛൻ വന്ന് കൂട്ടി കൊണ്ട് പോവും പിന്നെ അമ്മ ഒറ്റക്ക്. വർഷത്തിൽ ഒരിക്കൽ തെക്കെ തറവാട് നന്നാക്കാൻ എർപ്പാടാക്കി മകൻ പോവും ഗർഫിലേക്ക്. വരുമ്പോൾ അത്തറും , റൗക്കയും, എണ്ണയും, കൊണ്ടുവരും റൗക്ക അപ്പന്റെ അമ്മ ഉന്നും കുറെ അത്തറിന്ന് പകുതി അപ്പുവിനാണ് . ഒരു ദിവസം രാവിലെ അപ്പു പറഞ്ഞു " അനു ചേട്ടത്തി വരണു എന്ന പറഞ്ഞു ഇവിടെ താമസിക്കാണ് പോലും ഞാൻ പറയാൻ വന്നതാ " അമ്മക്ക് സന്തോഷമായി "മോള് വരണുന്നോ എന്നാലെ ഈ വീടും പറമ്പു വൃത്തിയാക്കാൻ നിൻ്റെ അമ്മേനോട് പറ പുസ്തകോം മറ്റും നമുക്ക് വൃത്തിയാക്കാം " അങ്ങനെ അവർ വൃത്തിയാക്കി പിറ്റേ ദിവസം മോള് വന്നു " സ്വർഗത്തിലേക്ക് കാല് വച്ചതുപോലെ" അവൾ പറഞ്ഞു " അല്ലേലും ഇത് ഭൂമിയിലെ സ്വർഗ്ഗമാണ്" അപ്പു പറഞ്ഞു എല്ലാവരും വി ചിരിച്ചു . കുറച്ചു ദിവസത്തിനകം ആ വിട് സ്വർഗ്ഗമായി

ദീക്ഷിത
6C


ADHARSH
little
KITEs

# പുണ്യം ചെയ്ത പെൺകുട്ടി

ജനങ്ങൾ തിങ്ങി കൂടിയ ഒരു നഗരത്തിൽ ഒരു പെൺകുട്ടി നടന്നുവരികയായിരുന്നു അവളുടെ പേരാണ് മിയ. നടന്നുപോകുന്ന എല്ലാവരുടെയും ശ്രദ്ധ ഒരു സ്ഥലത്തേക്ക് തന്നെയാണ്. അവിടെ എന്താണ് എന്ന് അവൾ ചിന്തിച്ചു. അവിടേക്ക് പോകുന്നവരെല്ലാം മൂക്കപൊത്തി നടക്കുന്നത് എന്തുകൊണ്ടാണ്? അവളും ആ ജനക്കൂട്ടങ്ങൾക്കിടയിലൂടെ അവിടേക്ക് നടന്നു. അവിടെ കണ്ട കാഴ്ച മിയയെ വളരെയധികം സങ്കടപ്പെടുത്തി. മുഷിഞ്ഞ വസ്ത്രങ്ങളും നരച്ച മുടിയും ചുക്കി ചുളിഞ്ഞ ശരീരവുമായ ഒരു വൃദ്ധ അവിടെ നിൽക്കുന്നുണ്ടായിരുന്നു. മിയക്ക് ആ വൃദ്ധയെ കണ്ടപ്പോൾ തന്നെ തോന്നി ഒരുപാട് നാളായി ഒന്ന് ഭക്ഷണം കഴിച്ചിട്ട് എന്ന്. അത്രയ്ക്ക് വികൃതമായ രൂപം ആയിരുന്നു ആ വൃദ്ധയുടേത്. അവരുടെ ദൈനീകമായ മുഖം കണ്ട് മിയയുടെ കണ്ണുകൾ നിറഞ്ഞു. അവൾ ആ വൃദ്ധയുടെ അടുത്തേക്ക് ചെന്നു. അവർ മിയയെ അത്ഭുതത്തോടെ നോക്കി. കാരണം ഇതുവരെ ആരും അവരുടെ അടുത്തേക്ക് ചെന്നിട്ടില്ല എന്ന് ആ വൃദ്ധയുടെ നോട്ടത്തിൽ നിന്ന് മനസ്സിലായി. അവൾ ആ വൃദ്ധയുടെ മുഖത്ത് നോക്കി ഒന്ന് പുഞ്ചിരിച്ചു. വൃദ്ധ ചിരിച്ചില്ല അത്ഭുതത്തോടെ ആയിരുന്നു അവരുടെ നോട്ടം. അവൾ ഒന്നുകൂടി ചിരിച്ചു. രണ്ടു മൂന്നു പല്ലുള്ള മോണ കാട്ടി അവരും ചിരിച്ചു. മിയ ആ വൃദ്ധയെ സ്നേഹത്തോടെ ഒന്ന് തൊട്ടു. അവർ പേടിയോടെ പിറകോട്ട് മാറി നിന്നു. മിയ പറഞ്ഞു പേടിക്കേണ്ട ട്ടോ ഞാൻ ഒന്നും ചെയ്യില്ല. പലരും ആ വൃദ്ധയെ ഉപദ്രവിച്ചിട്ടുണ്ട് അതായിരിക്കാം അവരുടെ മുഖത്തെ ഭയത്തിനു കാരണം. അവൾ ആ വൃദ്ധയെ നോക്കി അവൾക്ക് അരികിൽ ഇരുത്തി. ആളുകൾ മൂക്കത്ത് വിരൽ വച്ചുകൊണ്ട് ഇവൾക്ക് എന്താ ഭ്രാന്താണോ എന്ന് പറഞ്ഞുകൊണ്ട് നടന്നു പോയി. ഇതൊന്നും കാണാത്ത മട്ടിൽ മിയ അവർക്ക് ഭക്ഷണം വാങ്ങി കൊടുത്തു. ആർത്തിയോടെ അവരത് കഴിക്കുന്നത് കണ്ട് മിയയുടെ കണ്ണ് നിറഞ്ഞു. ഇവർക്ക് മക്കളൊക്കെ ഉണ്ടാവുമായിരിക്കില്ലേ? അവർ ഇവിടെ ഉപേക്ഷിച്ചിട്ട് പോയതായിരിക്കില്ലേ മിയ ചിന്തിച്ചു. അവൾ വെറുതെ മുത്തശ്ശി എന്ന് വിളിച്ച് അവരുടെ കൈ പിടിച്ചു നടന്നു. ആ വിളി കേട്ടിട്ടാണോ എന്നറിയില്ല ആ മുത്തശ്ശിയുടെ കണ്ണുകൾ നിറഞ്ഞു. ആ വൃദ്ധയെ അവൾ തന്നോടൊപ്പം ചേർത്തുനിർത്തി. നാളെ നമുക്കും ഈയൊരു അവസ്ഥ വന്നുചേരാം വരൂ മുത്തശ്ശി ഞാനുണ്ട് നിങ്ങളോടൊപ്പം.... അവൾ അവരെയും കൂട്ടി നടന്നു. ഇന്നത്തെ സമൂഹത്തിൽ വൃദ്ധരെ സംരക്ഷിക്കുന്ന ആളുകൾ ഉണ്ടാവട്ടെ...


നന്ദന നിരൺ

6-E

## മിട്ടു മുയലും ചങ്ങാതിമാരും

മഹാമടിയനായിരുന്നു മിട്ടു ഒരു ദിവസം രാവിലെ അവൻ മുടിപ്പുതച്ചു ഉറങ്ങുകയായിരുന്നു. അപ്പോഴാണ് മിട്ടുവിന്റെ ചങ്ങാതിമാർ വന്നത് നീ ഇങ്ങനെ മുടിപ്പുപുതച്ചു ഉറങ്ങുകയാണോ ക്യാരറ്റ് തോട്ടത്തിൽ ഇന്ന് വിളവെട്ടുപ്പ് അല്ലേ നമ്മുക്ക് അവിടെ പോകാം. ഞാൻ എങ്ങും ഇല്ല എനിക്ക് വേണ്ട ക്യാരറ്റ് അമ്മ കൊണ്ടുവന്നോളും. നിങ്ങൾ പോയിക്കോ. മിറ്റുവിന്ന് ഒരു പണി കൊടുക്കണം.അവർ തീരുമാനിച്ചു. മിട്ടു ഉറക്കത്തിൽ നിന്ന് ഉണർന്നു അവന്ന് വിശക്കുവാൻ തുടങ്ങി. അവൻ വീടിന്റെ മുക്കും മൂലയും തപ്പി ഒരു തരി ഭക്ഷണം പോലും കിട്ടിയില്ല. അവൻ ക്യാരറ്റ് തോട്ടത്തിൽ പോയി നോക്കി. അവിടെ കിളച്ച മണ്ണ് മാത്രം. അവന്ന് സങ്കടമായി. ഈ കാഴ്ച കണ്ടു കൊണ്ട് ചങ്ങാതിമാരും കിട്ടുവിന്റെ അമ്മയും കുട്ടിക്കറ്റിൽ ഒളിച്ചിരിക്കുന്നുണ്ടായിരുന്നു. അവർ മിറ്റുവിനെ നോക്കി പാടി"മടി പാടില്ല ഒരു നാളും "ഇങ്ങനെ പടികൊണ്ട് അവന്ന് ക്യാരറ്റ് നൽകി. അവൻ തലതാഴ്ത്തി.


നിഷിത.എസ്.രാജ്

6E






# <u>പാത</u>

മകളേ, നടന്നുകൊൾവിൻ
നിനക്കായൊരുക്കിയിട്ടില്ല
പാതയൊന്നുമേ
വിജനമായ
അപരിചിതത്വത്തിൻ
കൊടും ഭീകരത
നിഴലുവിരിച്ച
ദുരൂഹതകളിലൂടെ
നീ നടന്നുകൊൾവിൻ....
നിന്റെ പാദങ്ങൾ
മുറിഞ്ഞേക്കാം..
നിന്റെ കണ്ണുകളിൽ
ശൂന്യത വിരിഞ്ഞേക്കാം..
മടുത്തുപോകും മനസ്സ്
പിന്തിരിപ്പിച്ചേക്കാം...
കടലായ് പരക്കും നോവുകൾ
ഭീതിയിലാഴ്ത്തിയേക്കാം...
മടുക്കാത്ത ആനന്ദലഹരികൾ
നിന്നെ മാടിവിളിച്ചേക്കാം...
ചുട്ടുപൊള്ളുന്ന തീയായ്
അനുഭവങ്ങൾ
കനൽ വിരിച്ചേക്കാം....
എങ്കിലും, ഓർക്കുക നീ
പാതകളേതുമില്ല നിനക്കെന്ന്....
നീ നടന്നാണതുണ്ടാകുന്നത്,..
വരട്ടെ നിന്റെ പാതയിലൂടനേകം
നാളെയുടെ പാത നിന്നിലൂടാകട്ടെ...



ലളിതാംബിക എസ് എം.




REDMI NOTE 6 PRO
MI DUAL CAMERA

# <u>സ്മൃതി താളം</u>

നിമിഷങ്ങളോരോന്നായ്
മരിച്ചുവീണത്
നടന്നു തേഞ്ഞ
വഴികളിലാണോ?

യാത്രകളിൽ
ഞൊടിയിടയിൽ
കയറിയിറങ്ങിപ്പോയ
കാഴ്ചകളിലാണോ?

തീരത്തിരുന്നപ്പോൾ
കവിൾ നനവാറ്റി കുറുക്കി
തിരകളിലൊളിപ്പിച്ച്
തഴുകാതെ ,
കണ്ണീരുപ്പുമായ് മടങ്ങുന്ന
കാറ്റിലാണോ?.

ഭയപ്പെടുത്തുന്ന
ശൂന്യ നിശ്ശബ്ദത
ആഴങ്ങളിലലയിളക്കുമൊരു
വിസ്ഫോടനമായത്
ശാസ്ത്രമോ, മിത്തോ...

എന്തോ... ഏതോ...
ഉയിർത്തെഴുന്നേൽക്കാത്തവിധം
വലകൾ മുറുക്കി
ഇരകളെ കുടുക്കും
ചിലന്തികളേറേ..

വെടിമരുന്നിൻ
ഗന്ധക ധൂമത്തിൽ
തീ ജ്വാലകൾ
ചോരച്ചാലുകൾ
നാളെയിതും
ഒരു കെട്ടുകഥ.

ഉറക്കം മറന്ന
രാവുകളിൽ
ഗുണിച്ചും ഹരിച്ചും
നോക്കിയപ്പോൾ
പ്രതികരണശേഷി
ശിഷ്ടം പൂജ്യം.

കൊലുസ്സുകൾ ചിരി മറന്ന,
തരിവളകൾ
പൊട്ടിച്ചിതറിയ
തെരുവിന്റെ
രോദനങ്ങളിൽ
മിഴിച്ചെപ്പിൽ
നിലാവുദിക്കാത്ത
രാത്രികളുടെ
തുറിച്ചുനോക്കുന്ന
തോക്കിൻകുഴലുകൾ..

ഉരുകി മറയുന്ന
മെഴുതിരിയായ്
ഇന്ന് നഷ്ടമാകുന്ന

ഇന്നലെകളുടെ പെരുകലിൽ
കണ്ട കിനാവുകൾ
മൌനമായ്,
ഏകാന്തമായ്
മിഴിത്തുള്ളികളായടരുമ്പോഴും
വർണ്ണവിസ്മയങ്ങളി
കാൺമൂ ഭ്രമരച്ചുംബനം.

കേൾക്കാത്തയകലങ്ങളിലെ
സാഗരസംഗീതം
ജനിമൃതികളായ്
തുടരുമെന്ന്
നീയറിയുമോയെന്നെങ്കിലും???

ലളിതാംബിക. എസ്. എം.